(ബി) എൽ.എസ്.ജി.ഡി. കൺസൾട്ടേറ്റീവ് & കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം 25-1-2014 തീയതിയിലെ 13128/ആർ.സി.4/14/തസ്വഭവ. കത്ത് പ്രകാരം കൊയിലാണ്ടി നഗരസഭയ്ക്ക് ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ശല്യം

116 (3400) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തെരുവുവായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) തെരുവ് നായ്ക്കളുടെ വർദ്ധന തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമാകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നായ്ക്കളുടെ വന്ധ്യംകരണ, പ്രതിരോധ കുത്തിവയ്പുകളിലെ പാളിച്ചകൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ ;

(എഫ്) ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തെരുവുനായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് ലക്ഷ്യമിട്ട് കൊണ്ടുള്ള എ.ബി.സി. പ്രോഗ്രാം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് സ്വന്തം നിലയിൽ പദ്ധതികളും മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകളും ഉൾപ്പെടുത്തി ക്ലസ്റ്റർ അടിസ്ഥാനത്തിൽ എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പും ചേർന്ന് വിവിധ സന്നദ്ധ സംഘടനകളുമായും അനിമൽ വെൽഫെയർ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് ഇതേവരെ 1800-ൽപ്പരം നായ്ക്കളെ എ.ബി.സി. പ്രോഗ്രാമിന് വിധേയമാക്കിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സ്വീകരിച്ചിട്ടുണ്ട്.

(എഫ്) തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തെരുവുനായ്ക്കളുടെ വന്ധ്യംകരണം നിലവിൽ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപ്പിലാക്കി വരുന്നു. തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തി, പേവിഷ ബാധയ്ക്ക് കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് മാർഗ്ഗനിർദ്ദേശം നൽകി 2-9-2014-ലെ സ.ഉ. (സാധാ.) നമ്പർ 2306/14/തസ്വഭവ. ഉത്തരവും 16-10-2014 -ലെ സ.ഉ. (സാധാ.)2673/2014/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണം

117(3401) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണത്തിന് ഒത്താശ ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) എങ്കിൽ ആരോപണ വിധേയരായ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഫോർട്ട് വിഹാറിന്റെ പാർക്കിംഗ് ഏരിയ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് വാണിജ്യാവശ്യത്തിനുള്ള കടമുറികളായി മാറ്റിയതിന് കാഞ്ഞങ്ങാട് നഗരസഭയിലെ മുനിസിപ്പൽ എഞ്ചിനീയറായിരുന്ന ശ്രീ. അനിൽ ഡി.ജെ., ഫസ്റ്റ് ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ. പി.ജി. ശശി എന്നിവർക്കെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി ശിപാർശ ചെയ്തിരുന്നു. കൂടാതെ കാഞ്ഞങ്ങാട് നഗരസഭയിലെ

LIBRARY ARCHIVES Kerala Legislative Assembly